FRIDAY 26/09/2025 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/09/2025

1. കോഴാ ജില്ലാ കൃഷിത്തോട്ടം, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രം എന്നിവിടങ്ങളിലെ സവിശേഷതകളും, നേട്ടങ്ങളും, സാധ്യതകളും ഏവരും മനസിലാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതാരവം 2025 എന്ന പേരിൽ കോഴാ ഫാംഫെസ്റ്റ് സെപ്റ്റംബർ 27 മുതൽ 30 വരെ സംഘടിപ്പിക്കുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സാംസ്കാരിക ഘോഷയാത്ര, സമ്മേളനം, സൗഹൃദ സംഗമങ്ങൾ, ഭക്ഷ്യമേള, കലാസന്ധ്യ, നെൽകൃഷിയിലെ അനുഭവപരിചയം, പെറ്റ് ഷോ, അക്വേറിയം, ഫൺ ഗയിംസ്, ലക്കി ഡ്രോ, സെൽഫി പോയിൻ്റുകൾ തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും, വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ്, നാടൻപാട്ട്, ഉപന്യാസരചന, പെൻസിൽ ഡ്രോയിംഗ്, MUD GAMES, Mud Football, Mud Race തുടങ്ങിയ മത്സരങ്ങളും, നെൽകൃഷി, തെങ്ങ് കൃഷി, ശാസ്ത്രീയ പച്ചക്കറി കൃഷി എന്നീ വിഷയങ്ങളിലുള്ള സെമിനാറുകൾ, കുട്ടി കർഷകരുടെ സംഗമം, രുചിക്കൂട്ട് സംഗമം, ഫാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊഴിലാളി – ജീവനക്കാരുടെ സംഗമം, കലാവിരുന്നുകൾ മുതലായ വൈവിധ്യമാർന്ന പരിപാടികളും ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും – കോട്ടയം ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തുന്ന ഈ പരിപാടിയുടെ ഉദ്ഘാടനം സെപ്റ്റംബർ 27 ന് സഹകരണ രജിസ്ട്രേഷൻ –ദേവസ്വം – തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നു. സമാപന സമ്മേളനം സെപ്റ്റംബർ 30 ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു .

2. കൃഷിഭവനിൽ ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കാർഷിക വിഷയത്തിൽ വി എച്ച് എസ് ഇ സർട്ടിഫിക്കറ്റ് ഉള്ളവർക്കും കാർഷികം/ഓർഗാനിക് ഫാമിങ് വിഷയത്തിൽ ഡിപ്ലോമ ഉള്ളവർക്കും അപേക്ഷിക്കാം. പ്രായം 2025 ആഗസ്റ്റ് ഒന്നിന് 18 നും 41നും ഇടയിൽ. www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും കൃഷിഭവനുകളിലും കാർഷിക ഉപഡയറക്ടറുടെ ഓഫീസിൽ നേരിട്ടും അപേക്ഷിക്കാം. ഫോം വെബ് സൈറ്റിൽനിന്ന് ഡൗൺ ലോഡ് ചെയ്ത് സർട്ടിഫിക്കറ്റുകളോടൊപ്പം സെപ്റ്റംബർ 27നകം സമർപ്പിക്കണം.

3. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വിരമിക്കൽ ആനുകൂല്യം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് പെൻഷന് വിഹിതമടക്കുകയും, 60 വയസ്സ് പൂർത്തിയായി പെൻഷന് വാങ്ങുന്നതുമായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വിരമിക്കൽ ആനുകൂല്യം ലഭിക്കാൻ അവസരം. ഇതിനായി സേവന പെന്ഷൻ സോഫ്റ്റ് വെയറില് സീഡ്/ഓതന്റിക്കേഷൻ ചെയ്തിട്ടുള്ള ആധാർകാർഡ്, പെൻഷന് ബുക്ക്, ബാങ്ക് പാസ് ബുക്ക്, മത്സ്യത്തൊഴിലാളി പാസ് ബുക്ക് പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യബോർഡ് ഫിഷറീസ് ഓഫീസുകളിൽ സെപ്റ്റംബർ 30നകം ലഭ്യമാക്കണം. സാമൂഹ്യക്ഷേമ പെൻഷന് കൈപ്പറ്റുന്ന മത്സ്യത്തൊഴിലാളികള്ക്കും അനുബന്ധ തൊഴിലാളികൾക്കും അപേക്ഷിക്കാം. സേവന പെൻഷന് വെബ്സൈറ്റിലും, ആധാറിലും പേര് വ്യത്യാസമുള്ളവർ അക്ഷയകേന്ദ്രം മുഖേന ആധാർ സീഡിങ്ങ്/ ഓതന്റിക്കേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം അപേക്ഷിക്കണം. ഫോൺ: 0495 2383472.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. നാളികേര വികസന ബോർഡിൻ്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പാകി കിളിർപ്പിച്ച അത്യുൽപാദന ശേഷിയുള്ള കുറ്റ്യാടി (WCT) തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് തയാറായിട്ടുണ്ട്. വില 100 രൂപ. പുതുകൃഷി പദ്ധതി പ്രകാരം 350 രൂപ ബോർഡിൻ്റെ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോമുകളും തൈകൾക്കൊപ്പം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 9656858850, 04852554240 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 13ന് ലോക മുട്ട ദിനത്തോടനുബന്ധിച്ച് വിവിധ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പരിപാടിയായ സംരംഭകത്വം സംഗമത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഒക്ടോബർ 15ന് എരുമ വളർത്തൽ എന്ന വിഷയത്തിലും ഒക്ടോബർ24ന് ഓമന പക്ഷി വളർത്തൽ എന്ന വിഷയത്തിലും രജിസ്ട്രേഷൻ ആരംഭിച്ചതായി കണ്ണൂർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473.

6. <u>കാർഷിക നിർദേശം</u>

1.നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയാലിൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.

2.വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സകൊണസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രൊപികൊണസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം